# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14.

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(ഹാജർ: എസ്.വാഹിദ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 1. എ3/15172/11-ാം നമ്പർ 17.02.2012-ലെ ഉത്തരവ് പ്രകാരമുള്ള ഹെഡ് ക്ലാർക്ക് തസ്തികയിലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ്.

2. സ.ഉ. (സാധാ) നം.1664/2012/തൊഴിൽ നമ്പർ 18.10.2012-ലെ ഉത്തരവ്.

## ഉത്തരവ് നമ്പർ. എ3/13106/2012. തീയതി: 31.10.2012

ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകിച്ചിട്ടില്ലാത്ത ശ്രീ. റ്റി.പി.സലോമി, ശ്രീ. വി.പി.പീതാംബരൻ എന്നിവർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകാൻ അനുമതി നൽകണമെന്ന് 23.06.2012 -ലെ കത്തു മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

ശ്രീമതി. റ്റി.പി. സലോമി 18.11.2012-ൽ പ്രൊബേഷൻ പൂർത്തീകരിച്ച ശേഷം 6 മാസത്തെ സർവ്വീസ് മാത്രമേ അവശേഷിക്കുന്നുള്ളൂ എന്ന സാഹചര്യം കണക്കിലെടുത്ത് ടിയാൾക്ക് ജൂനിയർ സുപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകാൻ പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഹെഡ്ക്ലാർക്കുമാരുടെ പരാമർശം (1) പ്രകാരമുള്ള ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ.151 ആയ ശ്രീമതി. റ്റി.പി.സലോമിയ്ക്ക് കെ.എസ് & എസ്സ്.എസ്.ആർ. പൊതുചട്ടം 28 (ബി) (ii) പ്രകാരം 16180-29180 രൂപാ ശമ്പള സ്കെയിലിൽ ജൂനിയർ സുപ്രണ്ടായി താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം ഐ.ടി.ഐ.യിൽ നിയമിച്ച് ഉത്തരവാകുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥ 26.02.2011-ലെ ജി. ഒ.(പി) നം.85/2011/ഫിൻ പ്രകാരമുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ശ്രീമതി. റ്റി.പി.സലോമി,
ഹെഡ് ക്ലാർക്ക്,
ആർ.ഐ.സെന്റർ, കളമശ്ശേരി.

പകർപ്പ്:- 1. ട്രെയിനിംഗ് ഓഫീസർ, ആർ.ഐ.സെന്റർ, കളമശ്ശേരി.
2. പ്രിൻസിപ്പാൾ, ഐ.ടി.ഐ. തിരുവമ്പാടി.
3. എ3 (കരുതൽ ഫയൽ).

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

ഡി/01.11.